Indian മലയാളി

അനുസ്മരണം

# ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ – ധന്യജീവിതത്തിലൂടെ

പാണ്ഡ്യത്തിന്റെ പർവതശിഖരവും വിനയത്തിന്റെ താഴ് വരയും സമന്വയിച്ച് അപൂർവ വ്യക്തിത്വമായിരുന്നു ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ. തഴ് വാരത്തിന്റെ തണൽ പറ്റി ആർക്കും അദ്ദേഹത്തിന്റെ അടുത്തെത്താം. വിഷമങ്ങൾ പങ്കുവെയ്ക്കാം. എല്ലാ തിരക്കുകൾക്കിടയിലും തന്റെ കാതുകൾ പിതാവ് തന്റെ അടുത്തുവരുന്നവർക്കായി മാറ്റിവെച്ചു. കാരുണ്യം നിറഞ്ഞ ഹൃദയത്തോടെ എല്ലാവരോടും സംസാരിച്ചു. അവരുടെ വേദന പങ്കുവെച്ചു. സാധ്യമായ എല്ലാ പരിഹാരവും ചെയ്തുകൊടുത്തു. തനിക്ക് പരിഹരിക്കാൻ സാധിക്കാത്ത വിഷമങ്ങളുള്ളവരെ തന്റെ പ്രാർഥനയിൽ പങ്കുചേർത്തു.

പള്ളിപ്പുറം മഞ്ഞുമാതാ ഇടവകയിൽ 1939 മേയ് 12നാണ് പിൽക്കാലത്ത് ഡോ. ഡാനിയേൽ അച്ചാരുപറമ്പലിന്റെ ജനനം. ദേവസി എന്നായിരുന്നു ആദ്യപേര്. അധ്യാപകനായ റോക്കിമാഷിന്റെയും മോനിക്കയുടെയും നാലാമത്തെ മകനായ ദേവസി ബാല്യത്തിൽ തന്നെ ദൈവത്തിനുവേണ്ടി വേല ചെയ്യുക എന്നതാണ് തന്റെ നിയോഗമെന്ന് മനസിലാക്കിയിരുന്നു. പിതൃസഹോദരന്മാരും കർമലീത്ത സഭയിലെ സന്യാസിമാരായിരുന്ന ഫാ. ഫ്രാൻസിസ് ഗ്രിഗറിയും ഫാ. ലാംബെർട്ടും കപ്പൂച്ചിൻ സഭയുടെ ആഗോള ഡഫനിറ്റർ ജനറലും പിന്നീട് തിരുവനന്തപുരത്തെ ബിഷപ്പുമായിരുന്ന ഡോ. ജേക്കബ് അച്ചാരുപറമ്പിലും പകർന്നു നൽകിയ ആത്മീയ വെളിച്ചം ബാലനായിരുന്ന ദേവസിയുടെ മനസിൽ എന്നും ജ്വലിച്ചു നിന്നിരുന്നു.

പഠനത്തിൽ എന്നും ഒന്നാമനായിരുന്ന ദേവസി എസ്.എസ്.എൽ.സി ഫലം വന്ന ദിവസം തന്നെ എറണാകുളത്തെ കർമലീത്ത സഭയുടെ വൈദിക പരിശീലന ഭവനത്തിൽ അർഥിയായി ചേർന്നു.

സന്യാസവ്രതത്രയങ്ങൾ പോലെ പഠിക്കുക, പഠിപ്പിക്കുക എന്നതായിരുന്നു ഡോ. ഡാനിയേൽ അച്ചാരുപറമ്പലിന്റെ ജീവിതവ്രതം. 1966 മാർച്ച് 14ന് വൈദിക പട്ടം സ്വീകരിച്ചു. പൗരോഹിത്യ സ്വീകരണത്തിനുശേഷം എറണാകുളം സെന്റ് ആൽബർട്സ് കോളജിൽ നിന്ന് സാമ്പത്തിക ശാസ്ത്രത്തിൽ ഉയർന്ന മാർക്കോടെ ബി.എ ബിരുദം നേടി. തുടർന്ന് പൂനെ പൊന്തഫിക്കൽ ഇൻസ്റ്റിസ്റ്റ്യൂട്ടിൽ നിന്നും തത്വശാസ്ത്രത്തിൽ ലൈസൻഷ്യേറ്റ് എടുത്തു. വാരണാസി ബനാറസ് ഹി



ന്ദു സർവകലാശാലയിൽ നിന്നും ഭാരതീയ തത്വശാസ്ത്രത്തിൽ സ്വർണമെഡലോടെ ബിരുദാനന്തര ബിരുദം നേടി. 1978ൽ റോമിലെ സെന്റ് തോമസ് അസ്വിനീസ് പൊന്തിഫിക്കൽ സർവകലാശാലയിൽ നിന്നും ഡോക്ടറേറ്റ് നേടി.

തുടർന്ന് ഉർബാനിയ പൊന്തിഫിക്കൽ സർവകലാശാലയിൽ പ്രഫസറായി അധ്യാപക ജീവിതം ആരംഭിച്ചു. ലാറ്ററൻ പൊന്തിഫിക്കൽ സർവകലാശാലയിലും തെരേസിയാനും പൊന്തിഫിക്കൽ ദൈവശാസ്ത്ര കലാലയത്തിലും കളമശേരി ജ്യോതിർഭവനിലും പ്രഫസറായിരുന്നു. 1986–88 കാലഘട്ടത്തിൽ ഉർബാനിയാന സർവകലാശാല ഫക്കൽറ്റി ഡീൻ ആയി. 1988 ഒക്ടോബർ 1ന് ഉർബാനിയാന സർവകലാശാല യുടെ മഹത്വമേറിയ റെക്ടറായി അവരോധിതനായി. മൂന്നുവർഷം വീതം രണ്ടുതവണ ഡോ. അച്ചാരുപറമ്പിൽ ഈ സ്ഥാനത്ത് സുത്യർഹമായി പ്രവർത്തിച്ചു. മഹത്വപൂർണമായ റെക്തോർ മഞ്ഞിഫിക്കൂസ് എന്ന സ്ഥാത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ ഏഷ്യക്കാരനുമായിരുന്നു.

വരാപ്പുഴ അതിരൂപതാധ്യക്ഷനായി നിയോഗിതനായിട്ട് 13 വർഷങ്ങൾ പിന്നിട്ടു. 1996 നവംബർ മൂന്നിന് വിശ്വാസ പ്രഘോഷണ തിരുസംഘം അധ്യക്ഷൻ കർദിനാൾ ജോസഫ് ടോംകൊ മെത്രാപ്പോലീത്തയായി അഭിഷേകം ചെയ്തു. അന്നുതന്നെ അധികാരത്തിന്റെ പ്രതീകമായ പാലിയവും കർദിനാൾ ജോസഫ് ടോംകൊയിൽ നിന്ന് സ്വീകരിച്ചു.

സഭാമക്കളുടെ ആത്മീയ നവീകരണത്തിനൊപ്പം തന്ന ലാറ്റിൻ സഭയുടെ ഭൗതിക നവീകരണത്തിനും എന്നും ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ സ്ഥാനം നൽകിയിരുന്നു. കഴിഞ്ഞ പതിമ്മൂന്നുവർഷങ്ങളായി അതിരൂപതയിൽ ഉയർന്നുവന്ന ദേവാലയങ്ങളും വൈദിക മന്ദിരങ്ങളും സന്യാസിനി-സന്യാസ ഭവനങ്ങളും വൈദിക പരിശീലന കേന്ദ്രങ്ങളും ബോയ്സ് ഹോമും സ്കൂളുകളുമെല്ലാം സഭയുടെ ഭൗതികമായ വളർച്ചയ്ക്ക് കാരണമായി.

കാരുണികനായ പിതാവ് എന്ന് സഭാമക്കൾ വിളിക്കുന്ന തരത്തിൽ പാവപ്പെട്ടവരുടെ ജീവിതം പരിപുഷ്ടിപ്പെടുത്തുന്നതിന് നിരവധിയായ സഹായങ്ങൾ ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ നൽകി. സുനാമി ദുരന്തമുണ്ടായപ്പോൾ തന്റെ മക്കളുടെ അരികിലേക്ക് ആദ്യം ഓടിയെത്തിവരിൽ ഒരാൾ ഡോ. ഡാനിയേൽ അച്ചാരുപറമ്പിലായിരുന്നു. മുലമ്പള്ളിയിലെ കുടിയിറക്കിനെതിരെയും വികസനത്തിന് ഇരയാവുന്നവർക്ക് നീതി ഉറപ്പാക്കുവാനും അദ്ദേഹം എല്ലാവിധ ശ്രമങ്ങളും നടത്തിയിരുന്നു.

വിദ്യാഭ്യാസ- തൊഴിൽ മേഖലകളെ പുനരുദ്ധരിക്കുന്നതിന് അതിരൂപതയിൽ വിദ്യാഭ്യാസ വർഷം പ്രഖ്യാപിച്ചുകൊണ്ട് സമഗ്രവും സഫലവുമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനും ഡോ. ഡാനിയേൽ അച്ചാരുപറമ്പിലിന് സാധിച്ചു.

വല്ലാർപാടം ദേശീയ തീർഥാടന കേന്ദ്രമായി പ്രഖ്യാപിക്കുന്നതിലും ആർച്ചുബിഷപ്പ് ഡോ. ഡാനിയേൽ അച്ചാരുപറമ്പിലിന്റെ ദീർഘവീക്ഷണം പ്രകടമാണ്.

തന്റെ പാണ്ഡിത്വം ലളിതമായി സഭാമക്കൾക്ക് പകർന്നുൽകുന്ന നിരവധി ലേഖനങ്ങളും പുസ്തകങ്ങളും അദ്ദേഹത്തിന്റേതായിട്ടുണ്ട്. ഹൈന്ദവ ദർശനങ്ങളുടെ പശ്ചാത്തലത്തിൽ നിരവധി പുസ്തകങ്ങളും ലേഖനങ്ങളും ഇറ്റാലിയനിലും ഇംഗ്ലീഷിലും പ്രസിദ്ധീകരിച്ചു

## ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ കാലം ചെയ്തു

കെസിബിസി പ്രസിഡന്റ് വരാപ്പുഴ ആർച്ച് ബിഷപ് ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ കാലംചെയ്തു. എറണാകുളം ലൂർദ്ദ് ആശുപത്രിയിലായിരുന്നു വിശ്വാസി സമൂഹത്തെ ദു:ഖത്തിലാഴ്ത്തിയ മഹാ ഇടയന്റെ വേർപാട്. പനിയും ഛർദിയും വയറുവേദനയും മൂലമാണ് അദ്ദേഹത്തെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ഭാരതതത്വചിന്തയുടെ തേജസ് ഉൾക്കൊണ്ട ആത്മീയാചാര്യനായിരുന്നു ആർച്ച് ബിഷപ് ഡോ.ഡാനിയേൽ അച്ചാരുപറമ്പിൽ. അജനപാലന ദൗത്യത്തിന് നിയോഗിക്കപ്പെടുന്നതിനു മുൻപേ ആഗോള തലത്തിൽ കത്തോലിക്കാ സഭയിൽ അറിയപ്പെടുന്ന തത്വചിന്തകനും, റോമിൽ ഉന്നത പഠനത്തിന് എത്തിയിരുന്ന വൈദികരുടെയും മറ്റും മാർഗദർശിയും മികച്ച അധ്യാപകനുമായിരുന്നു ഡോ.ഡാനിയേൽ അച്ചാരുപറമ്പിൽ. ഇതിന്റെ ഏറ്റവും വലിയ അംഗീകാരമായിരുന്നു തുടർച്ചയായി രണ്ടു പ്രാവശ്യം(ആറു വർഷം) ഡോ.ഡാനിയേൽ അച്ചാരുപറമ്പിലിനെ ജോൺ പോൾ രണ്ടാമൻ മാർപാപ്പ റോമിലെ ഉർബാനിയ പൊന്തിഫിക്കൽ സർവകലാശാലയുടെ റെക്ടറായി നിയമിച്ചത്.

# കേരളത്തിൻെറ തനി നാട്ടിൻപുറത്തുകാരി



മലയാളസിനിമ നാടകത്തിന്റെ സ്വഭാവത്തിൽ നിന്നു പൂർണമായും മാറുന്നതിന് മുമ്പുള്ള ഒരു കാലഘട്ടത്തിൽ അമിതാഭിനയം ഒട്ടുമില്ലാതെ സ്വഭാവികമായ ശൈലിയിലൂടെ പ്രേക്ഷക ഹൃദയങ്ങളിൽ ചേക്കേറിയ അഭിനേത്രിയായിരുന്നു അടൂർ ഭവാനി. അതിഭാവുകത്വം അന്നത്തെ ഒട്ടുമിക്ക അഭിനേതാക്കളുടേയും ശൈലിയായിരുന്നപ്പോഴും ഭവാനിയുടെ കഥാപാത്രങ്ങൾ തികഞ്ഞ സ്വാഭാവികത പകർന്നു നൽകി.

അൽപം കുശുമ്പും കുന്നായ്മയും പരദൂഷണവും പരിഭവവും ഒക്കെയുള്ള തനി നാട്ടിൻപുറത്തുകാരി സ്ത്രീയായി ഭവാനിയെയല്ലാതെ മലയാളസിനിമയ്ക്ക് സങ്കൽപിക്കാൻ പറ്റാത്ത ഒരു കാലമുണ്ടായിരുന്നു. ഹാസ്യവും ഗൗരവവും വില്ലത്തരങ്ങളുമെല്ലാം ഒരേ സമയം അഭിനയിപ്പിച്ചു ഫലിപ്പിക്കാൻ ഈ നടിക്ക് കഴിഞ്ഞു. മധ്യതിരുവിതാംകൂർ ശൈലിയിലുള്ള സംഭാഷണരീതിക്കും ഒരു പ്രത്യേകത യുണ്ടായിരുന്നു.

നാടകമായിരുന്നു അടൂർ ഭവാനിയുടെ തട്ടകം. സിനിമയിൽ സജീവമായപ്പോഴും ഭവാനി നാടകത്തെ മറന്നില്ല. അനുജത്തി അടൂർ പങ്കജം സിനിമയിൽ പ്രശസ്തയായപ്പോഴും ആദ്യമൊന്നും ഭവാനിയുടെ മനസിൽ സിനിമയുണ്ടായിരുന്നില്ല. പങ്കജത്തിന് സിനിമാ സെറ്റിൽ കൂട്ടുപോയപ്പോഴാണ് തിക്കുറിശിയുടെ നിർബന്ധപ്രകാരം അദ്ദേഹം തന്നെ സംവിധാനം ചെയ്ത 'ശരിയോ തെറ്റോ' എന്ന സിനിമയിൽ അഭിനയിക്കുന്നത്. അതോടെ സിനിമയിൽ തിരക്കായി. വേലുത്തമ്പിദളവ, മൂലധനം, അശ്വമേധം, മുടിയനായ പുത്രൻ, കടൽപാലം, കള്ളിച്ചെല്ലമ്മ തുടങ്ങി സേതുരാമയ്യർ സിബിഐ വരെ മുന്നൂറോളം സിനിമകളിൽ അവർ വേഷമിട്ടു. ചെമ്മീനിലെ നല്ലപെണ്ണ് എന്ന കഥാപാത്രമാണ് അവരെ ഏറ്റവും ജനപ്രിയ നടിയാക്കിയത്. കള്ളിച്ചെല്ലമ്മയിലെ പ്രകടനത്തിന് 1970–ൽ മികച്ച സഹനടിക്കുള്ള സംസ്ഥാന അവാർഡും നേടി.

അഭിനയജീവിതം ഒരു ഉത്സവം പോലെ കൊണ്ടാടിയപ്പോഴും നിർഭാഗ്യങ്ങൾ നിഴൽപോലെ ഭവാനിയ്ക്കൊപ്പം ഉണ്ടായിരുന്നു. കലാജീവിതത്തിൽനിന്നു കിട്ടിയ സമ്പത്തെല്ലാം കലയ്ക്ക് തന്നെ നൽകി ജീവിതാവസാനം മരുന്നിനുപോലും കാശില്ലാതെ ബുദ്ധിമുട്ടിയ കലാകാരിയായിരുന്നു അവർ. സിനിമയിൽ സജീവമായപ്പോഴും നാടകം ഭവാനിക്ക് മറക്കാൻ പറ്റിയില്ല. അക്കാലത്ത് മോശമല്ലാത്ത പ്രതിഫലം സിനിമയിൽനിന്നു കിട്ടിയതോടെ സഹോദരി പങ്കജ ത്തോടൊപ്പം ചേർന്ന് ജയാതീയേറ്റേഴ്സ് തുടങ്ങി. കുറച്ചുനാൾ കഴിഞ്ഞ് 'മാതാ' എന്ന പേരിൽ സ്വന്തമായി ട്രൂപ്പുണ്ടാക്കി. പക്ഷേ, ഇതെല്ലാം അവർക്ക് വലിയ കടങ്ങളാണ് വരുത്തിവച്ചത്. സിനിമയിൽ നിന്നുണ്ടാക്കിയ സമ്പാദ്യമെല്ലാം ഒന്നൊന്നായി ചോർന്നുപൊയ് ക്കൊണ്ടിരുന്നു. കടവും രോഗങ്ങളും മാത്രമാണ് നാടകം തനിക്ക് നൽകിയതെന്ന് അവർ അടുത്തിടെ ഒരു അഭിമുഖത്തിൽ പറഞ്ഞിരുന്നു.

കാൽപനികഭാവങ്ങളിലോ ശൃംഗാരരസം തുളുമ്പുന്ന കഥാപാത്രങ്ങളിലോ അല്ല സിനിമയിലും നാടകത്തിലും ഭവാനിയെ കണ്ടത്. പച്ചയായ ജീവിത യാഥാർഥ്യങ്ങളെ അഭിമുഖീകരിക്കുന്ന കഥാപാത്രങ്ങളാണ് ഭവാനിക്ക് ലഭിച്ചതിൽ ഭൂരിഭാഗവും. കെപിഎസിയുടെ ഒട്ടുമിക്ക പ്രശസ്ത നാടകങ്ങളിലും അവർ വേഷമിട്ടു. തന്റെ പേരിനൊപ്പം കെപിഎസി എന്നു ചേർക്കാതിരുന്നതിൽ നഷ്ടബോധം തോന്നിയിട്ടുണ്ടെന്ന് അവർ പല അഭിമുഖങ്ങളിലും പറഞ്ഞിരുന്നു.

നാടകജീവിതം തനിക്ക് സൗഭാഗ്യങ്ങളേക്കാളേറെ ദു:ഖങ്ങൾ തന്നപ്പോഴും 'ഭവാനി പതറിയില്ല. നാടകത്തിലൂടെ ഉണ്ടായ നഷ്ടം സിനിമാഭിനയത്തിലൂടെ നികത്താമെന്ന് അവർ വിചാരിച്ചു. പക്ഷേ, അവിടേയും നിർഭാഗ്യം ഭവാനിയെ പിന്തുടർന്നു. പതുക്കെ പതുക്കെ അവർ രോഗങ്ങളുടെ പിടിയിലമരുകയായിരുന്നു. സിനിമയിൽ നിന്ന് ഒട്ടേറെ അവസരങ്ങൾ ലഭിച്ചുകൊണ്ടിരുന്ന സമയത്തായിരുന്നു ഇത്. അതോടെ സിനിമകൾ കുറച്ചു. എങ്കിലും രോഗത്തെ അവഗണിച്ച് അവർ അഭിനയജീവിതത്തിൽ തുടരാൻ വെമ്പൽ കൊണ്ടു. പക്ഷേ, അനാരോഗ്യം കൂടിക്കൂടി വന്നു. കഴിഞ്ഞ എട്ടുവർഷമായി ആശുപത്രിയിലും വീട്ടിലുമായി രോഗത്തോട് മല്ലിട്ടു കഴിയുകയായിരുന്നു അവർ.

സിനിമയെന്ന മായികലോകത്ത് കുറച്ചുനാൾ ഫീൽഡിൽനിന്ന് മാറി നിന്നാൽ അവരെ പതുക്കെ പതുക്കെ മറന്നു തുടങ്ങും. അതു തന്നെ ഭവാനിയ്ക്കും സംഭവിച്ചു. ഒരു കാലത്ത് മലയാള സിനിമയുടെ എല്ലാമെല്ലാമായ ഭവാനി അടൂരിലെ വീട്ടിൽ മകനോടൊപ്പം രോഗങ്ങളുടെ തടവറയിൽ കഴിഞ്ഞപ്പോൾ താരപ്രഭയില്ലാതെ, മരുന്നുമേടിക്കാൻ കാശില്ലാതെ വലയുകയായിരുന്നു. സിനിമാസംഘടനകളും സർക്കാരുമെല്ലാം അവരെ സഹായിച്ചുവെങ്കിലും സിനിമാക്കാർ തന്നെ വേണ്ടവിധം സഹായിച്ചില്ല എന്ന പരിഭവവും പരാതിയും അവർ മറച്ചു വച്ചില്ല.

മലയാളസിനിമയുടെ സുവർണകാലത്തെ ഒരു പ്രതിനിധികൂടി വിടവാങ്ങുമ്പോൾ അവർ കൈയൊപ്പു നൽകിയ നിരവധി കഥാപാത്രങ്ങൾ അവശേഷിക്കുന്നു. കലയെ പണമുണ്ടാക്കാനുള്ള മാർഗമായി കാണാതിരുന്ന പഴയ തലമുറയുടെ പ്രതിനിധിയായ ഭവാനിയുടെ ജീവിതം നാടകത്തിനും സിനിമയ്ക്കും വേണ്ടി പൂർണമായി അർപ്പിച്ചതായിരുന്നു. അതുകൊണ്ടുതന്നെ മലയാള സിനിമയുടെ ചരിത്രത്തിൽ ഈ അഭിനേത്രിയുടെ സ്ഥാനം വളരെ മുകളിലാണ്.

## അടൂർ ഭവാനി അന്തരിച്ചു

ആറു പതിറ്റാണ്ട കാലം മലയാള സിനിമാ ലോകത്തെ നിറഞ്ഞ സാന്നിധ്യമായിരുന്ന നടി അടൂർ ഭവാനി (84) അന്തരിച്ചു. വാർധക്യ സഹചമായ അസുഖത്തെ തുടർന്ന് അടൂരിലെ വസതിയിലായിരുന്നു അന്ത്യം. ദീർഘ നാളായി രോഗ ബാധിതയായിരുന്നു.

300ലധികം ചിത്രങ്ങളിൽ അടൂർ ഭവാനി അഭിനയിച്ചിട്ടുണ്ട്. തിക്കുറുശി സുകുമാരൻ നായർ രചനയും സംവിധാനവും നിർവഹിച്ച ശരിയോ തെറ്റോ എന്ന ചിത്രത്തിലൂടെയാണ് സിനിമ അഭിനയ ലോകത്തേയ്ക്ക് കടന്നു വന്നത്. കള്ളിചെല്ലമ്മയിലെ അഭിനയത്തിന് മികച്ച സഹനടക്കുള്ള സംസ്ഥാന അവാർഡ് ലഭിച്ചിട്ടുണ്ട്. സിനിമാ- നാടക ലോകത്തെ സമഗ്ര സംഭാവനയ്ക്കുള്ള കേരള സംഗീത നാടക അക്കാദമി അവാർഡ് 2008ൽ ലഭിച്ചിട്ടുണ്ട്.


## ക്ലാസിഫൈഡ്സ്

### താമസ സൗകര്യം

ഡാംഡിനോംഗ് സിറ്റിയോട് ചേർന്നുള്ള മലയാളി വീട്ടിൽ ഒരു ബഡ്റൂം വാടകയ്ക്ക്. താൽപര്യമുള്ള യുവതികൾ മാത്രം ബന്ധപ്പെടുക. ഫോൺ: 0433775525.

### പെയിൻറിംഗ് ജോലികൾക്ക്

വീടുകളും സ്ഥാപനങ്ങളും വൃത്തിയായും ഉത്തരവാദിത്വത്തോടെയും മിതമായ നിരക്കിൽ പെയിൻറിംഗ് ചെയ്യുന്നതിന് ബന്ധപ്പെടുക. ഉണ്ണി, ഫോൺ: 0430288104.

